ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 07.09.2026**

## പ്രധാനവാർത്തകൾ

1. ദേശീയപാത നിർമ്മാണ മേഖലയിൽ വാഹനങ്ങളുടെ നിയമവിരുദ്ധ പാർക്കിംഗ് തടയുന്നതിന് കർശന നിയന്ത്രണം ഏർപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര മന്ത്രി നിതിൻ ഗഡ്കരിക്ക് കത്തയച്ച് മുഖ്യമന്ത്രി വി ഡി സതീശൻ.

2. സംസ്ഥാനത്തെ റോഡപകടങ്ങളുടെ പശ്ചാത്തലത്തിൽ മന്ത്രി പി.കെ.ബഷീർ വിളിച്ച അടിയന്തര യോഗം നാളെ തിരുവനന്തപുരത്ത്.

3. തൃശ്ശൂർ കൈപ്പമംഗലം വാഹനാപകടം അന്വേഷിക്കാൻ പ്രത്യേക സംഘം രൂപീകരിച്ച് കേരള പോലീസ്.

4. നഗര–ഗ്രാമ വ്യത്യാസമില്ലാതെ ഗാർഹിക ഉപഭോക്താക്കൾക്ക് 25 ദിവസത്തെ ഇടവേളയിൽ പാചക വാതക സിലിണ്ടർ ബുക്ക് ചെയ്യാമെന്ന് കേന്ദ്ര സർക്കാർ.

5. കേരളത്തിൽ പകൽ ചൂട് ക്രമാതീതമായി ഉയരുന്ന സാഹചര്യത്തിൽ പൊതുജനങ്ങൾക്ക് ജാഗ്രതാ നിർദ്ദേശവുമായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി.

6. 47-ാമത് കേരള പോലീസ് അത്‌ലറ്റിക് & ഗെയിംസ് മീറ്റിന് നാളെ തിരുവനന്തപുരത്ത് തുടക്കമാകും.

RNU TVPM

****************************

## വി.ഡി.സതീശൻ

ദേശീയപാത നിർമ്മാണ മേഖലയിൽ എത്തുന്ന വാഹനങ്ങളുടെ അശാസ്ത്രീയവും നിയമവിരുദ്ധവുമായ പാർക്കിംഗ് തടയുന്നതിന് കർശന നിയന്ത്രണം ഏർപ്പെടുത്തണമെന്നാവശ്യപ്പെട്ട് മുഖ്യമന്ത്രി വി.ഡി.സതീശൻ കേന്ദ്ര മന്ത്രി നിതിൻ ഗഡ്കരിക്ക് കത്തു നൽകി. കേരളത്തിലെ ദേശീയപാതയുടെ സുരക്ഷ പരിശോധിക്കണമെന്നും കത്തിൽ ആവശ്യമുണ്ട്. തൃശ്ശൂർ കൈപ്പമംഗലം വാഹനാപകടത്തിൽ എട്ട് വിദ്യാർത്ഥികൾ മരിച്ച സംഭവത്തിന്റെ പശ്ചാത്തലത്തിലാണ് കത്ത് അയച്ചത്.

***************************

## മന്ത്രി പി.കെ. ബഷീർ അടിയന്തര യോഗം

സംസ്ഥാനത്ത് കഴിഞ്ഞ ദിവസങ്ങളിൽ ഉണ്ടായ റോഡപകടങ്ങളുടെ പശ്ചാത്തലത്തിൽ പൊതുമരാമത്ത് മന്ത്രി പി.കെ.ബഷീർ നാളെ അടിയന്തര യോഗം വിളിച്ചു. ഡിജിപി, ട്രാൻസ്പോർട്ട് കമ്മീഷണർ, NHAI സംസ്ഥാന മേധാവി, നാറ്റ്പാക്, റോഡ് സേഫ്റ്റി അതോറിറ്റി ഉദ്യോഗസ്ഥർ, ജില്ലാ കളക്ടർമാർ എന്നിവരുടെ അടിയന്തര യോഗമാണ് തിരുവനന്തപുരത്ത് ചേരുക. പ്രധാന റോഡുകളിലും ദേശീയപാതകളിലും ഉണ്ടായ അപകടങ്ങളുടെ കാരണങ്ങൾ യോഗത്തിൽ അവലോകനം ചെയ്യും. റോഡ് സുരക്ഷ ശക്തിപ്പെടുത്തുന്നതിനും അപകടങ്ങൾ കുറയ്ക്കുന്നതിനുമുള്ള അടിയന്തര നടപടികൾ, ട്രാഫിക് നിയന്ത്രണം, അറ്റകുറ്റപ്പണികൾ, സുരക്ഷാ സംവിധാനങ്ങൾ എന്നിവയെക്കുറിച്ചും ചർച്ച ചെയ്യും.

***************************

## കൈപ്പമംഗലം വാഹനാപകടം: എസ് ഐ ടി

തമിഴ്നാട് സ്വദേശികളായ എട്ട് എൻജിനീയറിങ് വിദ്യാർഥികൾ മരിക്കാനിടയായ തൃശ്ശൂർ കൈപ്പമംഗലം വാഹനാപകടം

RNUTVPM

അന്വേഷിക്കാൻ പോലീസ് പ്രത്യേക സംഘം രൂപീകരിച്ചു. കൊടുങ്ങല്ലൂർ DYSP-യുടെ നേതൃത്വത്തിലുള്ള 8 അംഗ സംഘം കേസ് അന്വേഷിക്കും.തമിഴ്നാട്ടിലും പ്രത്യേക സംഘം അന്വേഷണം നടത്തും. അപകടകാരണം, ഹൈവേ അതോറിറ്റിയുടെയും കരാർ കമ്പനിയുടെയും വീഴ്ച തുടങ്ങിയ കാര്യങ്ങളാവും അന്വേഷണ പരിധിയിലുള്ളത്.

**************************

## വാഹനാപകടം ഡ്രൈവർ പിടിയിൽ

തൃശ്ശൂർ കുന്നംകുളത്ത് മൂന്നുപേരുടെ മരണത്തിന് ഇടയാക്കിയ വാഹനാപകടത്തിൽ കാർ ഡ്രൈവർ പിടിയിൽ. അർത്താറ്റ് സ്വദേശിയാണ് പോലീസിന്റെ പിടിയിലായത്. എടക്കഴിയൂർ സ്വദേശികളായ ദമ്പതികളും മൂന്നു വയസുള്ള മകനുമാണ് അപകടത്തിൽ മരിച്ചത്.

**************************

RNU TVPM

## എൽപിജി - ഇളവ്

സംസ്ഥാനത്ത് ഗാർഹിക പാചക വാതക സിലിണ്ടർ ബുക്കിംഗിന് ഏർപ്പെടുത്തിയിരുന്ന നിയന്ത്രണത്തിൽ കേന്ദ്രസർക്കാർ ഇളവ് വരുത്തി. ഇനി മുതൽ നഗര-ഗ്രാമ വ്യത്യാസമില്ലാതെ എല്ലാ ഗാർഹിക ഉപഭോക്താക്കൾക്കും 25 ദിവസത്തെ ഇടവേളയിൽ അടുത്ത സിലിണ്ടർ ബുക്ക് ചെയ്യാം. കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി ഇക്കാര്യം ഫേസ്ബുക്കിലൂടെ അറിയിച്ചു. പശ്ചിമേഷ്യൻ സംഘർഷത്തെ തുടർന്നുണ്ടായ പ്രതിസന്ധിയും എൽപിജി ഇറക്കുമതിയിലുണ്ടായ സമ്മർദ്ദവും കണക്കിലെടുത്താണ് ഈ വർഷം മാർച്ച് 12 മുതൽ ഗാർഹിക സിലിണ്ടർ ബുക്കിംഗിന് നിയന്ത്രണം ഏർപ്പെടുത്തിയത്.

**************************

## താപനില - ജാഗ്രതാ നിർദേശം ( ഇൻട്രോ )

സംസ്ഥാനത്ത് പകൽ ചൂട് ക്രമാതീതമായി ഉയരുന്നു. സാധാരണയേക്കാൾ 4 ഡിഗ്രി സെൽഷ്യസ് വരെ താപനില ഉയരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. താപനില വർധിക്കുന്ന സാഹചര്യത്തിൽ പൊതുജനങ്ങൾക്കായി ദുരന്ത നിവാരണ അതോറിറ്റി ജാഗ്രതാ നിർദേശം പുറപ്പെടുവിച്ചിട്ടുണ്ട്. **ഒരു റിപ്പോർട്ട് .......**

(വോയിസ് )

## താപനില - ജാഗ്രതാ നിർദേശം (വോയ്സ്)

*സൂര്യാഘാതം, സൂര്യാതപം, നിർജലീകരണം എന്നിവ ഒഴിവാക്കാൻ പകൽ 11 മണി മുതൽ വൈകുന്നേരം 3 മണി വരെയുള്ള സമയത്ത് നേരിട്ട് വെയിലേൽക്കുന്നത് ഒഴിവാക്കണം. ദാഹമില്ലെങ്കിലും ഇടയ്ക്കിടെ വെള്ളം കുടിക്കാൻ ശ്രദ്ധിക്കണം. അയഞ്ഞ കോട്ടൺ വസ്ത്രങ്ങൾ ധരിക്കണമെന്നും തൊഴിൽ സമയം ക്രമീകരിക്കണമെന്നും, നിർദേശമുണ്ട്. സ്കൂളുകളിൽ ശുദ്ധജലം ഉറപ്പാക്കുവാനും ഉച്ചവെയിലിലെ അസംബ്ലികൾ ഒഴിവാക്കുവാനും അധികൃതർ ശ്രദ്ധിക്കണം. കാട്ടുതീ, മാർക്കറ്റുകളിലെ തീപിടിത്തം എന്നിവയ്ക്കെതിരെ ജാഗ്രത പാലിക്കണമെന്നും, വളർത്തുമൃഗങ്ങൾക്ക് തണലും ജലലഭ്യതയും ഉറപ്പാക്കണമെന്നും മുന്നറിയിപ്പിൽ പറയുന്നു. ന്യൂസ് ഡെസ്ക് ആകാശവാണി*

*****************************

## പോലീസ് ഉദ്യോഗസ്ഥയ്ക്ക് സസ്പെൻഷൻ

പ്രധാനമന്ത്രിക്കെതിരെ ഫേസ്ബുക്ക് പോസ്റ്റ് ഷെയർ ചെയ്ത ഇടുക്കി ജില്ലാ ക്രൈംബ്രാഞ്ച് ASI സജിത സലീമിന് സസ്പെൻഷൻ. യുവമോർച്ചയുടെ പരാതിയിൽ ഇടുക്കി ജില്ലാ പോലീസ് മേധാവിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നടപടി.

PNU TVPM

ഡൽഹി സമരങ്ങൾക്ക് പിന്തുണ പ്രഖ്യാപിച്ചുള്ള പോസ്റ്റുകൾ ഷെയർ ചെയ്യുകയും കേന്ദ്ര സർക്കാരിനെതിരെ വ്യാജപ്രചരണം നടത്തുകയും ചെയ്യുവെന്ന് ചൂണ്ടിക്കാട്ടിയാണ് നടപടിയെടുത്തത്.

***************************

## ജോസ് കുറ്റിയാനി അന്തരിച്ചു

മുതിർന്ന കോൺഗ്രസ് നേതാവും ഇടുക്കി മുൻ എം.എൽ.എ-യുമായ ജോസ് കുറ്റിയാനി അന്തരിച്ചു. 87 വയസ്സായിരുന്നു. കോലഞ്ചേരി മെഡിക്കൽ മിഷൻ ആശുപത്രിയിൽ ഇന്ന് രാവിലെയായിരുന്നു അന്ത്യം. സംസ്കാരം പിന്നീട് .

***************************

## സാക്ഷരതാ ദിനാചരണം

സംസ്ഥാന സാക്ഷരതാമിഷന്റെ ആഭിമുഖ്യത്തിൽ നാളെ അന്താരാഷ്ട്ര സാക്ഷരതാദിനാചരണം സംഘടിപ്പിക്കും. തിരുവനന്തപുരം അയ്യങ്കാളി ഹാളിൽ നടക്കുന്ന പരിപാടിയിൽ മന്ത്രി എൻ. ഷംസുദ്ദീൻ ഉദ്ഘാടനം നിർവഹിക്കും. 'സാക്ഷരത - ജനങ്ങൾക്കും ഭൂമിക്കും സമൃദ്ധിക്കും വേണ്ടി' എന്നതാണ് ഇത്തവണത്തെ പ്രമേയം.

RNU TVPM

***************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(ബ്രേക്ക്)

***************************

## തൊടുപുഴ - അപകടം

തൊടുപുഴ മുതലക്കോടത്ത് പൊളിച്ചു നീക്കുന്നതിനിടെ കെട്ടിടത്തിന്റെ സ്ലാബ് വീണു രണ്ട് മരണം. കോതമംഗലം സ്വദേശികളായ ജോയ്, അനൂപ് എന്നിവരാണ് മരിച്ചത്. പ്രായമായ വൈദികരെ താമസിപ്പിച്ചിരുന്ന കെട്ടിടത്തിന്റെ സ്ലാബാണ് പൊളിച്ചു നീക്കുന്നതിനിടെ തകർന്ന് വീണത്.

***************************

## അപ്രന്റീസ് ഷിപ്പ് മേള-കണ്ണൂർ (ഇൻട്രോ)

കേന്ദ്ര നൈപുണ്യ വികസന മന്ത്രാലയത്തിന്റേയും, സംസ്ഥാന വ്യാവസായിക പരിശീലന വകുപ്പിന്റേയും ആഭിമുഖ്യത്തിൽ കണ്ണൂർ ഗവൺമെന്റ് വനിത ഐ.ടി.ഐ.യിൽ നടന്ന പ്രധാൻമന്ത്രി നാഷണൽ അപ്രൻറീസ് ഷിപ്പ് മേളയിൽ 175 പേരെ ഷോർട്ട് ലിസ്റ്റ് ചെയ്യു. വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ.

(വോയ്സ്)

RNU TVPM

***************************

## കേരള പോലീസ് അത്‌ലറ്റിക് & ഗെയിംസ് മീറ്റ്

47-ാമത് കേരള പോലീസ് സ്റ്റേറ്റ് അത്‌ലറ്റിക് & ഗെയിംസ് മീറ്റിന് നാളെ തുടക്കമാകും. വൈകിട്ട് തിരുവനന്തപുരം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല ഉദ്ഘാടനം നിർവഹിക്കും. 'YES TO SPORTS, NO TO DRUGS' എന്നതാണ് ഇത്തവണത്തെ സന്ദേശം. പോലീസ് ജില്ലകൾ, സ്പെഷ്യൽ യൂണിറ്റുകൾ, ആംഡ് പോലീസ് ബറ്റാലിയനുകൾ എന്നിവിടങ്ങളിൽ നിന്നുള്ള ഉദ്യോഗസ്ഥർ പങ്കെടുക്കും. ഈ മാസം 10-ന് നടക്കുന്ന സമാപന ചടങ്ങിൽ മുഖ്യമന്ത്രി വി.ഡി സതീശൻ മുഖ്യാതിഥിയാകും.

**************************

## ദുലീപ് ട്രോഫി

ദുലീപ് ട്രോഫി ഫൈനലിൽ സൗത്ത് സോണിനെതിരെ ഈസ്റ്റ് സോൺ ശക്തമായ നിലയിൽ. ക്യാപ്റ്റൻ ഇഷാൻ കിഷന്റെ 270 റൺസ് മികവിൽ ഈസ്റ്റ് സോൺ ഒന്നാം ഇന്നിംഗ്സിൽ 708 റൺസ് നേടി എല്ലാവരും പുറത്തായി.

**************************

## തൊഴിലാളികളെ രക്ഷപ്പെടുത്തി

ആലപ്പുഴയിൽ കടലിൽ കുടുങ്ങിയ മത്സ്യബന്ധന വള്ളവും മൂന്ന് തൊഴിലാളികളെയും രക്ഷപ്പെടുത്തി. അഴീക്കൽ തുറമുഖത്ത് നിന്ന് എട്ട് നോട്ടിക്കൽ മൈൽ അകലെ കൊല്ലം നീണ്ടകര സ്വദേശിയുടെ ഉടമസ്ഥതയിലുള്ള ജീസസ് എന്ന വള്ളം എഞ്ചിൻ തകരാർ മൂലം കുടുങ്ങി കിടക്കുന്നതായി ഇന്ന് പുലർച്ചേയാണ് വിവരം ലഭിച്ചത്.

RNU TVPM

**************************

## ഹിന്ദി ദ്വൈവാരാഘോഷം

ഹിന്ദി ദ്വൈവാരാഘോഷങ്ങളുടെ ഭാഗമായി ഈ മാസം 14-ാം തീയതി മുതൽ 28-ാം തീയതി വരെ കേരള ഹിന്ദി പ്രചാര സഭ വിവിധ മത്സരങ്ങൾ സംഘടിപ്പിക്കും. ഉപന്യാസ രചന, േപ്രസംഗം, സിനിമാ ഗാനാലാപനം എന്നീ മത്സരങ്ങളിൽ സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾ 0471 2321378, 9072322939 എന്നീ നമ്പറുകളിൽ ലഭ്യമാണ്.

**************************

## ആയുഷ്മാൻ ഭാരത് - കവരത്തി

ദേശീയ ആരോഗ്യ അതോറിറ്റിയുടെ കിഴിൽ ആരംഭിച്ച ആയുഷ്മാൻ ഭാരത് ഡിജിറ്റൽ മിഷൻ പദ്ധതിയുടെ ഭാഗമായി ലക്ഷദ്വീപിനെ രാജ്യത്തെ മോഡൽ ഡിസ്ട്രിക്കുകളിലൊന്നായി തിരഞ്ഞെടുത്തതിന്റെ ജില്ലാ തല ഉദ്ഘാടനം കവരത്തി ദ്വീപിൽ സംഘടിപ്പിച്ചു. നിശ്ചിത സമയപരിധിക്കുള്ളിൽ ദ്വിപുകളിലെ എല്ലാ ആരോഗ്യ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി സമഗ്രമായ ഡിജിറ്റൽ ആരോഗ്യ പരിസ്ഥിതി സംവിധാനം സൃഷ്ടിച്ചെടുക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

****************************

## പ്രവാസി കമ്മീഷൻ അദാലത്ത്

പ്രവാസി കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റിസ് സോഫി തോമസിന്റെ അധ്യക്ഷതയിൽ പ്രവാസി കമ്മീഷൻ അദാലത്ത് ബുധനാഴ്ച രാവിലെ എറണാകുളം കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടക്കും. പ്രവാസികളെ സംബന്ധിക്കുന്ന ഏതു വിഷയവും അദാലത്തിൽ ഉന്നയിക്കാം.

RNUTVPM

**************************************************************************
**************************************